പതിമൂന്നാം കേരള നിയമസഭ
രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നംപർ. T. 3492 — 14.10.2011 ൽ മറുപടിക്ക്

## കാഷ്യൂബോർഡ്

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. വി.പി. സജീന്ദ്രൻ:<br>ശ്രീ. ജോസഫ് വാഴക്കൻ<br>"ഹൈബി ഈഡൻ:<br>" ഷാഫി പറമ്പിൽ: | ശ്രീ.പി.കെ. കുഞ്ഞാലിക്കുട്ടി<br>( വ്യവസായവും വിവരസാങ്കേതികവും നഗരകാര്യവും വകുപ്പ് മന്ത്രി) |
| (എ) സംസ്ഥാനത്ത് കാഷ്യൂ ബോർഡ് സ്ഥാപിക്കുവാൻ എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്; | (എ) കേരള സർക്കാർ കാഷ്യൂ ബോർഡ് രൂപീകരിക്കുന്നതിന് 6/10/2007-ന് അന്നത്തെ കേന്ദ്ര വ്യവസായ/വാണിജ്യ വകുപ്പ് മന്ത്രി ശ്രീ. കമൽ നാഥിന് കത്ത് നൽകിയിട്ടുണ്ട്. തുടർന്ന് 10/12/2007-ൽ കേന്ദ്രപ്രതിരോധമന്ത്രി ശ്രീ. എ.കെ. ആന്റണിക്കും 28/10/2008-ൽ പ്രവാസികാര്യ മന്ത്രി ശ്രീ. വയലാർ രവിക്കും തൊഴിൽ വകുപ്പ് മന്ത്രിയും, 16-12-2008-ൽ പ്രധാന മന്ത്രിയ്ക്ക് അന്നത്തെ മുഖ്യമന്ത്രിയും കത്തെഴുതിയിട്ടുള്ളതാണ്. കൂടാതെ 29/06/2009-ൽ അന്നത്തെ വാണിജ്യ വ്യവസായ വകുപ്പ് മന്ത്രി ശ്രീ. ആനന്ദശർമ്മക്ക് തൊഴിൽ വകുപ്പ് മന്ത്രി വിശദമായ കത്തെഴുതിയിട്ടുണ്ട്. ഈ വിഷയം കേന്ദ്രസർക്കാരിന്റെ സജീവ പരിഗണനയിലാണെന്ന് 4/3/2008-ൽ മറുപടി ലഭിച്ചിരുന്നു. ഇക്കാര്യത്തിൽ നടപടി ത്വരിതപ്പെടുത്തണമെന്ന് ബഹു. കേന്ദ്ര പ്രതിരോധമന്ത്രി ശ്രീ. എ.കെ. ആന്റണി 2/6/2008-ന് കേന്ദ്ര വാണിജ്യ മന്ത്രിയ്ക്ക് കത്തു നൽകുകയുണ്ടായി. ഇതു സംബന്ധിച്ച ബിൽ പാർലമെന്റിൽ കൊണ്ടു വരുന്നതിന് വേണ്ട നടപടി സ്വീകരിച്ചു വരുന്നതായി 4/7/2008-ലെ കത്തു മുഖാന്തിരം കേന്ദ്ര വ്യവസായ വാണിജ്യ വകുപ്പ് മന്ത്രി കേന്ദ്ര പ്രതിരോധ മന്ത്രിയെ അറിയിയ്ക്കുകയുണ്ടായി. പ്രൊപ്പോസൽ കേന്ദ്ര എക്സ്പെന്റീച്ചർ വകുപ്പിന്റേയും, കാർഷിക വകുപ്പിന്റെയും അനുമതിയ്ക്കായി സമർപ്പിച്ചിട്ടുണ്ടെന്നും 23/12/2008-ലെ കത്ത് മുഖാന്തിരം കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി കേരള സർക്കാരിനെ |

| | | | |
|---|---|---|---|
| | | | അറിയിച്ചിട്ടുണ്ട്. എല്ലാ വകുപ്പുകളുടേയും അഭിപ്രായ ഐക്യവും, അംഗികാരവും ലഭിച്ചെങ്കിൽ മാത്രമേ ഈ വിഷയത്തിൽ തുടർ നടപടികൾ സ്വീകരിക്കുവാൻ കഴിയുകയുള്ളുവെന്ന് കേന്ദ്ര വാണിജ്യ വകുപ്പ് മന്ത്രി 23.7.2009-ൽ സംസ്ഥാന സർക്കാരിനെ അറിയിച്ചിട്ടുണ്ട്. |
| (ബി) | കാഷ്യൂ ബോർഡ് സ്ഥാപിക്കണമെന്ന ആവശ്യം ആസൂത്രണ കമ്മീഷനുമുമ്പിൽ സമർപ്പിച്ചിട്ടുണ്ടോ; | (ബി) | ഇല്ല. |
| (സി) | ഇതിന് ആസൂത്രണ കമ്മീഷന്റെ നിലപാട് എന്തായിരുന്നു; | (സി) | ബാധകമല്ല. |
| (ഡി) | ഇതിന്റെ ആസ്ഥാനം എവിടെയായിരിക്കുമെന്ന് വ്യക്തമാക്കുമോ ? | (ഡി) | കൊല്ലം ആസ്ഥാനമാക്കി കാഷ്യൂ ബോർഡ് രൂപീകരിക്കണമെന്നുള്ളതാണ് സംസ്ഥാന സർക്കാരിന്റെ ആവശ്യം. |

സെക്ഷൻ ഓഫീസർ